www.pscnet.in

# 101/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. ഏതു സംസ്ഥാനത്തെ കൊയ്ത്ത് ഉത്സവമാണ് ബിഹു?
   - (A) ഒറീസ്സ
   - (B) ഛത്തീസ്ഗഢ്
   - (C) ആസ്സാം
   - (D) ഹിമാചൽ പ്രദേശ്

2. 1957-ലെ ഒന്നാം കേരള നിയമസഭയിൽ ഉണ്ടായിരുന്ന അംഗങ്ങളുടെ എണ്ണമെത്ര?
   - (A) 126
   - (B) 141
   - (C) 136
   - (D) 121

3. ഗ്രീനിച്ച് സമയം രാവിലെ 10 മണിയാണെങ്കിൽ ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എത്രയായിരിക്കും?
   - (A) 3.30 a.m.
   - (B) 4.30 p.m.
   - (C) 3.30 p.m.
   - (D) 2.30 p.m.

4. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം എവിടെയാണ്?
   - (A) നാസിക്
   - (B) ഡൽഹി
   - (C) കൊൽക്കത്ത
   - (D) മുംബൈ

5. 'ടെന്നീസ് കോർട്ട് പ്രതിജ്ഞ' ഏതു വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   - (A) റഷ്യൻ വിപ്ലവം
   - (B) ഫ്രഞ്ച് വിപ്ലവം
   - (C) അമേരിക്കൻ വിപ്ലവം
   - (D) രക്തരഹിത വിപ്ലവം

6. 'സുബാൻസിരി' ഏതു നദിയുടെ പോഷകനദിയാണ്?
   - (A) ഗോദാവരി
   - (B) ബ്രഹ്മപുത്ര
   - (C) സിന്ധു
   - (D) ഗംഗ

7. തെക്കെ അമേരിക്കൻ രാജ്യമായ വെനിസ്വെലയുടെ സ്വാതന്ത്ര്യപോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയതാര്?
   - (A) സൈമൺ ബൊളിവർ
   - (B) ജോസെ ഡി. സാൻമാർട്ടിൻ
   - (C) തോമസ് ജഫേഴ്സൺ
   - (D) ചാൾസ് ടൗൺഷെൻഡ്

8. ആഗോളീകരണത്തിന്റെ പ്രത്യാഘാതങ്ങളെ ചെറുക്കുവാൻ രൂപീകൃതമായ ലോകസോഷ്യൽ ഫോറത്തിന്റെ പ്രഥമ സമ്മേളനം നടന്ന രാജ്യം :
   - (A) അർജന്റീന
   - (B) ബ്രസീൽ
   - (C) യുഗോസ്ലാവിയ
   - (D) ക്യൂബ



fb.com/pscnet.in

9. സസ്യങ്ങളിലെ പൂക്കൾക്കും, പഴങ്ങൾക്കും നിറം നൽകുന്ന വർണ്ണവസ്തു ഏതാണ്?

(A) മെലാനിൻ (B) ബിലിറുബിൻ

(C) ക്ലോറോഫിൽ (D) അന്തോസയാനിൻ

10. ഏതു സംസ്ഥാനത്തിലെ ആയോധന കലാരൂപമാണ് 'തങ്ത'?

(A) മിസ്സോറം (B) മേഘാലയ

(C) മണിപ്പൂർ (D) നാഗാലാന്റ്

11. വാർദ്ധക്യത്തെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ ഏതാണ്?

(A) ജെറന്റോളജി (B) ഓറിയന്റോളജി

(C) ഡെർമറ്റോളജി (D) പാലിയെന്റോളജി

12. ചുണ്ണാമ്പുവെള്ളത്തെ പാൽ നിറമാക്കുന്ന വാതകം ഏതാണ്?

(A) കാർബൺ മോണോക്സൈഡ് (B) സൾഫർ ഡൈ ഓക്സൈഡ്

(C) ഹൈഡ്രജൻ ക്ലോറൈഡ് (D) കാർബൺ ഡൈ ഓക്സൈഡ്

13. ഇന്ത്യൻ രാഷ്ട്രപതിയ്ക്ക് പ്രതിജ്ഞാവാചകം ചൊല്ലി കൊടുക്കുന്നതാര്?

(A) ലോകസഭാ സ്പീക്കർ (B) പ്രധാനമന്ത്രി

(C) ഉപരാഷ്ട്രപതി (D) സുപ്രീംകോടതി ചീഫ് ജസ്റ്റിസ്

14. ഏതു മേഖലയിലെ മികച്ച പ്രവർത്തനത്തിനാണ് ഭട്ട്നഗർ പുരസ്കാരം നൽകുന്നത്?

(A) സിനിമ (B) ശാസ്ത്രം

(C) സംഗീതം (D) സാഹിത്യം

15. സോഡിയം വേപ്പർ ലാമ്പിൽ നിന്നും ലഭിക്കുന്ന പ്രകാശത്തിന്റെ നിറം ഏതാണ്?

(A) ചുവപ്പ് (B) മഞ്ഞ

(C) പച്ച (D) വെള്ള

16. ഇന്ത്യയിൽ വിവരാവകാശ നിയമം നിലവിൽ വന്ന വർഷം :

(A) 2004 (B) 2007

(C) 2005 (D) 2003

17. ആറ്റത്തിലെ ചാർജ്ജില്ലാത്ത കണം ഏതാണ്?

(A) ന്യൂട്രോൺ (B) ഇലക്ട്രോൺ

(C) പ്രോട്ടോൺ (D) പോസിട്രോൺ



fb.com/pscnet.in

www.pscnet.in

18. തന്നിരിക്കുന്നവയിൽ ഇന്ത്യയുടെ ആദ്യത്തെ ന്യൂക്ലിയർ പവർ അന്തർവാഹിനി ഏതാണ്?
    (A) ഐ.എൻ.എസ്. ചക്ര
    (B) ഐ.എൻ.എസ്. ശൽക്കി
    (C) ഐ.എൻ.എസ്. സിന്ധുവീർ
    (D) ഐ.എൻ.എസ്. സിന്ധുശസ്ത്ര

19. ഇന്ത്യയിൽ ഭൂദാൻ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയതാര്?
    (A) ബാബ ആംതെ
    (B) അണ്ണാഹസാരെ
    (C) വിനോബ ഭാവെ
    (D) റാം മനോഹർ ലോഹ്യ

20. സ്വതന്ത്ര ഭാരത സർക്കാർ ആദ്യമായി നിയമിച്ച ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ ചെയർമാൻ ആരായിരുന്നു?
    (A) ലക്ഷ്മണ സ്വാമി മുതലിയാർ
    (B) ഡോ. രാജേന്ദ്ര ബാബു
    (C) ഡോ. ഡി.എസ്. കോത്താരി
    (D) ഡോ. എസ്. രാധാകൃഷ്ണൻ

21. ആരുടെ ജീവത്യാഗത്തിനുശേഷമാണ്, ഭാഷാടിസ്ഥാനത്തിൽ ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപീകരിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായത്?
    (A) ശ്രീ. രാമറാവു
    (B) പോറ്റി ശ്രീരാമലു
    (C) ജഗൻ മോഹൻ റെഡ്ഡി
    (D) രാമറെഡ്ഡി

22. ഹിമാലയൻ പ്രദേശങ്ങളിലെ വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനായി സുന്ദർലാൽ ബഹുഗുണയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രസ്ഥാനം ഏത്?
    (A) ലോബയാൻ പ്രസ്ഥാനം
    (B) ഗ്രീൻപീസ് പ്രസ്ഥാനം
    (C) ഗ്രീൻ ബെൽട്ട് പ്രസ്ഥാനം
    (D) ചിപ്കോ പ്രസ്ഥാനം

23. സർവ്വേ ഓഫ് ഇന്ത്യയുടെ ആസ്ഥാനം എവിടെയാണ്?
    (A) മുംബൈ
    (B) ഡെറാഡൂൺ
    (C) കൊൽക്കത്ത
    (D) നാസിക്

24. ദത്താവകാശ നിരോധന നിയമം കൊണ്ടുവന്ന ബ്രിട്ടീഷ് ഗവർണ്ണർ ജനറൽ ആര്?
    (A) കോൺവാലിസ് പ്രഭു
    (B) വെല്ലസ്ലി പ്രഭു
    (C) ഡൽഹൗസി പ്രഭു
    (D) കഴ്സൺ പ്രഭു

25. ഇന്ത്യയിലെ ഏതു സംസ്ഥാനത്താണ് കോർബറ്റ് നാഷണൽ പാർക്ക് സ്ഥിതിചെയ്യുന്നത്?
    (A) ഉത്തരാഖണ്ഡ്
    (B) ഉത്തർപ്രദേശ്
    (C) ഹരിയാന
    (D) മദ്ധ്യപ്രദേശ്



fb.com/pscnet.in

26. 'വേദങ്ങളിലേക്ക് മടങ്ങുക' എന്ന് ആഹ്വാനം ചെയ്ത പ്രസ്ഥാനം ഏതാണ്?

(A) ബ്രഹ്മസമാജം (B) സത്യശോധക് സമാജം

(C) ശ്രീരാമകൃഷ്ണമിഷൻ (D) ആര്യസമാജം

27. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ ബജറ്റ് അവതരിപ്പിച്ചതാര്?

(A) ഡോ. ജോൺ മത്തായി (B) ആർ.കെ. ഷൺമുഖം ചെട്ടി

(C) ജവഹർലാൽ നെഹ്റു (D) ലിയാഖത്ത് അലിഖാൻ

28. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യ മലയാളി പ്രസിഡന്റ് ആര്?

(A) ചേറ്റൂർ ശങ്കരൻ നായർ (B) വി.പി. മേനോൻ

(C) വി.കെ. കൃഷ്ണമേനോൻ (D) പട്ടം താണുപിള്ള

29. ഇന്ത്യൻ ദേശീയപതാക രൂപകല്പന ചെയ്തതാര്?

(A) സരോജിനി നായിഡു (B) മേഡം കാമ

(C) പിംഗലി വെങ്കയ്യ (D) വിതൽഭായ് പട്ടേൽ

30. ദേശീയഗീതമായ 'വന്ദേമാതരം' ബങ്കിം ചന്ദ്രചാറ്റർജിയുടെ ഏതു കൃതിയിൽ നിന്നാണ് എടുത്തിരിക്കുന്നത്?

(A) ഗീതാഞ്ജലി (B) ആനന്ദമഠം

(C) നീലദർപ്പൺ (D) നിരഞ്ജന

31. 'സത്യമേവ ജയതേ' എന്ന വാക്ക് എടുത്തിട്ടുള്ളത് ഏത് ഉപനിഷത്തിൽ നിന്നുമാണ്?

(A) കഠോപനിഷത്ത് (B) തൈത്തരിയോപനിഷത്ത്

(C) ബൃഹദാരണ്യകോപനിഷത്ത് (D) മുണ്ഡകോപനിഷത്ത്

32. ഉത്തരമദ്ധ്യ റെയിൽവേ മേഖലയുടെ ആസ്ഥാനം ഏത്?

(A) മാലിഗാവ് (B) ജബൽപൂർ

(C) അലഹബാദ് (D) അഹമ്മദാബാദ്

33. ഒരു വിപ്ലവകാരിയായി ബ്രിട്ടിഷുകാർക്കെതിരെ പോരാടുകയും എന്നാൽ പിന്നീട് ആത്മീയാചാര്യനായി മാറുകയും ചെയ്ത ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനി ആര്?

(A) അരവിന്ദഘോഷ് (B) സൂര്യസെൻ

(C) ഭഗത്സിംഗ് (D) ചന്ദ്രശേഖർ ആസാദ്

34. ബംഗാൾ വിഭജനം ബ്രിട്ടീഷ് ഗവണ്മെന്റ് റദ്ദ് ചെയ്ത വർഷം ഏതാണ്?

(A) 1905 (B) 1909

(C) 1911 (D) 1908



fb.com/pscnet.in

www.pscnet.in

35. ഡൽഹിയിലെ ചെങ്കോട്ട നിർമ്മിച്ചതാര്?

(A) ബാബർ
(B) ജഹാംഗീർ
(C) ഷാജഹാൻ
(D) അക്ബർ

36. ഇന്ത്യൻ പാർലമെന്റിന്റെ അധോമണ്ഡലമായ ലോകസഭയിലെ പരവതാനിയുടെ നിറം എന്താണ്?

(A) പച്ച
(B) ചുവപ്പ്
(C) നീല
(D) പിങ്ക്

37. തെലുങ്കാന സംസ്ഥാന രൂപീകരണ ബിൽ രാജ്യസഭയിൽ പാസ്സായ ദിവസം :

(A) 2014 ഫെബ്രുവരി 20
(B) 2014 ഫെബ്രുവരി 18
(C) 2014 ഫെബ്രുവരി 21
(D) 2014 ഫെബ്രുവരി 24

38. ഇന്ത്യയുടെ 'മിസൈൽ വനിത' എന്നറിയപ്പെടുന്ന വ്യക്തി ആര്?

(A) ഇന്ദിരാഗാന്ധി
(B) സെബി ജോസഫ്
(C) ടെസി തോമസ്
(D) പി.ടി. ഉഷ

39. പരിസ്ഥിതി പ്രവർത്തനത്തിന്, സമാധാനത്തിനുള്ള നോബൽ സമ്മാനം നേടുന്ന ആദ്യ വ്യക്തി ആര്?

(A) നെൽസൺ മണ്ടേല
(B) വാംഗാരി മത്തായി
(C) അമർത്യാസെൻ
(D) ആലീസ് മൺറോ

40. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള ഒരു സ്വയം തൊഴിൽ സംരംഭമേതാണ്?

(A) സുലഭ
(B) സുരക്ഷ
(C) സുരഭി
(D) സുഭിക്ഷ

41. പായ്‌വഞ്ചിയിൽ ഒറ്റയ്ക്ക് ലോകം ചുറ്റിയ ആദ്യ ഇന്ത്യാക്കാരൻ ആര്?

(A) അഭിലാഷ് ടോമി
(B) അനൂപ് മേനോൻ
(C) ആർ.കെ. സിംഗ്
(D) സന്തോഷ് ജോർജ്ജ് കുളങ്ങര

42. ഇന്ത്യയിൽ ടെലിഗ്രാഫ് സംവിധാനം നിർത്തലാക്കിയ ദിവസം :

(A) 2013 ജൂലായ് 18
(B) 2013 നവംബർ 15
(C) 2013 ജൂലായ് 15
(D) 2013 ജൂൺ 16

43. ഇന്ത്യൻ നാവികസേനാ ചരിത്രത്തിൽ ആദ്യമായി നാവികസേനാമേധാവി സ്ഥാനത്തുനിന്ന് രാജിവെച്ച വ്യക്തി ആര്?

(A) അഡ്മിറൽ വിഷ്ണു ഭഗവത്
(B) അഡ്മിറൽ ഡി.കെ. ജോഷി
(C) ആർ.കെ. ധവാൻ
(D) പി.കെ. ജോഷി



fb.com/pscnet.in

www.pscnet.in

44. ലോകമാതൃഭാഷാ ദിനമേതാണ്?

(A) മാർച്ച് 22
(B) ഫെബ്രുവരി 28
(C) ഏപ്രിൽ 22
(D) ഫെബ്രുവരി 21

45. മണിപ്പൂരിൽ പട്ടാളത്തിന്റെ പ്രത്യേക അധികാരനിയമം വിവേചനരഹിതമായി പ്രയോഗിക്കുന്നതിനെതിരെ ദീർഘകാലമായി നിരാഹാര സമരം നടത്തുന്ന മനുഷ്യാവകാശ പ്രവർത്തക ആര്?

(A) മേധ പട്കർ
(B) ആങ്സാങ് സൂചി
(C) അരുന്ധതി റോയ്
(D) ഇറോം ഷാനു ഷർമ്മിള

46. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ശവകുടീരം സ്ഥിതിചെയ്യുന്നതെവിടെ?

(A) കൊല്ലം
(B) തിരുവനന്തപുരം
(C) കണ്ണൂർ
(D) കോഴിക്കോട്

47. കേരളത്തിലെ ഏറ്റവും വലിയ നദീദ്വീപ് ഏതാണ്?

(A) ധർമ്മടം ദ്വീപ്
(B) കുറുവ ദ്വീപ്
(C) മാജുലി ദ്വീപ്
(D) കോറളായി ദ്വീപ്

48. കേന്ദ്രസർക്കാരിന്റെ 'നിർമ്മൽ ഗ്രാമ പുരസ്ക്കാരം' നേടിയ കേരളത്തിലെ ആദ്യ പഞ്ചായത്ത് :

(A) പിലിക്കോട് ഗ്രാമ പഞ്ചായത്ത്
(B) വെള്ളനാട് ഗ്രാമ പഞ്ചായത്ത്
(C) വളപട്ടണം ഗ്രാമ പഞ്ചായത്ത്
(D) വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത്

49. കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യത്തെ സംഘടിത കലാപം ഏതാണ്?

(A) കയ്യൂർ സമരം
(B) ആറ്റിങ്ങൽ കലാപം
(C) മലബാർ കലാപം
(D) പുന്നപ്ര വയലാർ സമരം

50. കേരളത്തിലെ തോട്ടവിള ഗവേഷണകേന്ദ്രം സ്ഥിതിചെയ്യുന്ന ജില്ല ഏത്?

(A) ഇടുക്കി
(B) വയനാട്
(C) കോട്ടയം
(D) കാസർഗോഡ്

51. 'കേസരി' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ആരാണ്?

(A) വേങ്ങയിൽ കുഞ്ഞിരാമൻ നായർ
(B) പി.സി. കുട്ടികൃഷ്ണൻ
(C) കെ.പി. കേശവമേനോൻ
(D) പി. കുഞ്ഞിരാമൻ നായർ



fb.com/pscnet.in

www.pscnet.in

52. കേരളത്തിലെ ഏക വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതിചെയ്യുന്ന ജില്ല ഏത്?

(A) ആലപ്പുഴ (B) എറണാകുളം

(C) തിരുവനന്തപുരം (D) തൃശ്ശൂർ

53. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ സ്ഥാപകനാര്?

(A) കുമാരനാശാൻ (B) വള്ളത്തോൾ നാരായണ മേനോൻ

(C) പി.എൻ. പണിക്കർ (D) ജോസഫ് മുണ്ടശ്ശേരി

54. പ്രസിഡന്റിന്റെ സ്വർണ്ണമെഡൽ നേടിയ ആദ്യ മലയാള സിനിമ ഏതാണ്?

(A) ബാലൻ (B) വിഗതകുമാരൻ

(C) ചെമ്മീൻ (D) തച്ചോളി അമ്പു

55. കേരള സർക്കാരിന്റെ അത്യുന്നത സാഹിത്യപുരസ്ക്കാരം ഏതാണ്?

(A) സ്വാതി പുരസ്ക്കാരം (B) എഴുത്തച്ഛൻ പുരസ്ക്കാരം

(C) വള്ളത്തോൾ പുരസ്ക്കാരം (D) വയലാർ പുരസ്ക്കാരം

56. താഴെ തന്നിട്ടുള്ളവയിൽ ജ്ഞാനപീഠ പുരസ്ക്കാരം ലഭിച്ചിട്ടില്ലാത്ത വ്യക്തി ആര്?

(A) തകഴി ശിവശങ്കരപിള്ള (B) എസ്.കെ. പൊറ്റക്കാട്

(C) എം.ടി. വാസുദേവൻ നായർ (D) വൈക്കം മുഹമ്മദ് ബഷീർ

57. 2014-ലെ ഏഷ്യൻ ഗെയിംസിന് ആതിഥ്യമരുളുന്ന രാജ്യം ഏത്?

(A) ഉത്തരകൊറിയ (B) ദക്ഷിണകൊറിയ

(C) ബംഗ്ലാദേശ് (D) ഇൻഡോനേഷ്യ

58. 2013-ൽ ഭാരതരത്ന ലഭിച്ച പ്രൊഫസർ സി.എൻ.ആർ. റാവു ഏതു മേഖലയിലെ പ്രശസ്തനായ ശാസ്ത്രജ്ഞനാണ്?

(A) ഭൂമിശാസ്ത്രം (B) ജീവശാസ്ത്രം

(C) ഭൗതികശാസ്ത്രം (D) രസതന്ത്രം

59. 'ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ്' എന്നറിയപ്പെടുന്ന വ്യക്തി ആര്?

(A) ഡോ. എം.എസ്. സ്വാമിനാഥൻ (B) ഡോ. വർഗ്ഗീസ് കുര്യൻ

(C) സി. സുബ്രഹ്മണ്യം (D) ഡോ. സുദർശൻ

60. രാഷ്ട്രപതിഭവൻ ഡൽഹിയിലാണെങ്കിൽ രാഷ്ട്രപതി നിലയം സ്ഥിതിചെയ്യുന്നതെവിടെയാണ്?

(A) ബാംഗ്ലൂർ (B) സിംല

(C) ഹൈദരാബാദ് (D) റാഞ്ചി



fb.com/pscnet.in

61. ചുണ്ണാമ്പുവെള്ളത്തെ പാൽ നിറമാക്കുന്ന വാതകം :
(A) ഓക്സിജൻ
(B) കാർബൺ ഡൈ ഓക്സൈഡ്
(C) ക്ലോറിൻ
(D) നൈട്രജൻ

62. കൂടംകുളം ആണവ വൈദ്യുതനിലയം സ്ഥിതിചെയ്യുന്നതെവിടെ?
(A) കോയമ്പത്തൂർ
(B) തിരുനെൽവേലി
(C) തിരുച്ചിറപ്പള്ളി
(D) തൂത്തുക്കുടി

63. വിസ്കസ് ദ്രാവകം ഏത്?
(A) പെട്രോൾ
(B) ജലം
(C) മണ്ണെണ്ണ
(D) തേൻ

64. ഫലങ്ങൾ പഴുപ്പിക്കുന്നതിന് ഉപയോഗിക്കുന്ന വാതകം :
(A) എഥിലീൻ
(B) ഈഥേൻ
(C) ബ്യൂട്ടേൻ
(D) മീഥേൻ

65. രസതന്ത്രത്തിനും ഊർജ്ജതന്ത്രത്തിനും നോബൽ സമ്മാനം ലഭിച്ച വനിത :
(A) വാംഗാരി മത്തായി
(B) ഷിറിൻ ഇബാദി
(C) അലക്സാഡ്രിയമിൽസ്
(D) മാഡംക്യൂറി

66. മിന്നൽ രക്ഷാ ചാലകം കണ്ടുപിടിച്ചത് ആര്?
(A) ബഞ്ചമിൻ ഫ്രാങ്ക്ളിൻ
(B) മൈക്കൽ ഫാരഡെ
(C) ഐസക് ന്യൂട്ടൻ
(D) കാവൻഡിഷ്

67. സൂര്യനോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഗ്രഹം :
(A) ബുധൻ
(B) ശുക്രൻ
(C) ഭൂമി
(D) ചൊവ്വ

68. സമുദ്രത്തിന്റെ ആഴം അളക്കാൻ ഇത് ഉപയോഗിക്കുന്നു :
(A) റഡാർ
(B) എക്കോസൗഡർ
(C) സോണാർ
(D) ഇൻഫ്രാ റെഡ് കിരണങ്ങൾ

69. ആകാശത്തിന്റെ നീലനിറത്തിനു കാരണം :
(A) പ്രകാശത്തിന്റെ പ്രതിഫലനം
(B) പ്രകാശത്തിന്റെ അപവർത്തനം
(C) പ്രകാശത്തിന്റെ പ്രകീർണ്ണനം
(D) പ്രകാശത്തിന്റെ വിസരണം

70. സൈക്കിളിന്റെ ആക്സിൽ സ്റ്റീൽ ഗോളങ്ങൾക്കിടയിൽ വെച്ച് ഉറപ്പിക്കുന്നത് :
(A) വേഗത കൂട്ടാൻ
(B) ഘർഷണം കുറക്കാൻ
(C) ഈട് നിൽക്കാൻ
(D) ഭാരം കുറക്കാൻ



PSCNET.in

www.pscnet.in

71. കേരളത്തിലെ പഴയകാല കർഷകർ കിഴങ്ങ് വിളകൾക്കായുള്ള വിത്തുകളെ ഫംഗസ് രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് ഈ മിശ്രിതത്തിൽ ഇട്ടതിനുശേഷം തണലിൽ ഉണക്കി സൂക്ഷിക്കാറുണ്ട്. മിശ്രിതമേത്?

(A) പിണ്ണാക്ക് ലായനി
(B) വേപ്പിൻകുരു മിശ്രിതം
(C) സോപ്പിൻകുരു മിശ്രിതം
(D) ചാണക വെള്ളം

72. Bt വിത്തിനങ്ങൾ എന്നത് ബയോടെക്നോളജിയുടെ ഏറ്റവും നൂതന സാങ്കേതിക വിദ്യയാണ്. Bt എന്നതുകൊണ്ടുദ്ദേശിക്കുന്നത് :

(A) ബയോടെക്നോളജി
(B) ബാസിലസ് ടെക്നോളജി
(C) ബാസിലസ് തുറിൻജിയൻസിസ്
(D) ബ്രിൻജാൾകോട്ടൻ ടെക്നോളജി

73. കണ്ണാറ ലോക്കൽ എന്നത് ഏത് വിളയുടെ സങ്കരയിനമാണ്?

(A) ചീര
(B) വെണ്ട
(C) പാവൽ
(D) തക്കാളി

74. ദശമൂലാരിഷ്ടത്തിൽ ഉൾപ്പെടാത്ത സസ്യം :

(A) പലകപയ്യാനി
(B) തുളസി
(C) കുമ്പിൾ
(D) കൂവളം

75. സസ്യങ്ങളുടെ ഇലകളിൽ നിർമ്മിക്കപ്പെട്ട ആഹാരം വേരുൾപ്പെടെ വിവിധ ഭാഗങ്ങളിലേക്ക് എത്തിക്കുന്നത് :

(A) പാരൻകൈമ
(B) സൈലം
(C) ഫ്ലോയം
(D) കോളൻകൈമ

76. ചിതലുകൾ തിന്നുന്ന സസ്യഭാഗങ്ങളിലെ സെല്ലുലോസ് വിഘടിപ്പിക്കുന്ന ബാക്ടീരിയ ഏത്?

(A) റൈസോബിയം
(B) ടൈക്കോനിംഫ്
(C) അസറ്റോബാക്ടർ
(D) സയാനോബാക്ടീരിയ

77. നിശാന്ധത ഏത് ജീവകത്തിന്റെ അഭാവം മൂലമുണ്ടാകുന്ന രോഗമാണ്?

(A) ജീവകം A
(B) ജീവകം B
(C) ജീവകം C
(D) ജീവകം D



fb.com/pscnet.in

www.pscnet.in

78. സോഡിയം ബെൻസോയേറ്റ് എന്ന രാസവസ്തു ഭക്ഷണത്തിൽ ഉപയോഗിക്കുന്നത് എന്തിനുവേണ്ടി?

(A) നിറത്തിനും ആകർഷണത്തിനും

(B) മധുരം വർദ്ധിപ്പിക്കാൻ

(C) രുചി വർദ്ധിപ്പിക്കാൻ

(D) ആഹാരപദാർത്ഥങ്ങൾ ദീർഘനാൾ കേടുകൂടാതെ സൂക്ഷിക്കാൻ

79. കേരളത്തിൽ കുരുമുളക് ഗവേഷണകേന്ദ്രം സ്ഥിതിചെയ്യുന്ന ജില്ല :

(A) കണ്ണൂർ (B) തൃശ്ശൂർ

(C) കോട്ടയം (D) കോഴിക്കോട്

80. പാലിൽ ജലത്തിന്റെ അളവ് നോക്കാൻ സഹായിക്കുന്ന ഉപകരണം :

(A) ലാപ്ടോമീറ്റർ (B) ബാരോമീറ്റർ

(C) തെർമോമീറ്റർ (D) ലാക്ടോമീറ്റർ

81. 4, 9, 19, ... എന്ന സംഖ്യാശ്രേണിയിലെ അടുത്ത പദം ഏതാണ്?

(A) 29 (B) 33

(C) 38 (D) 39

82. ഒരു കിലോ സവാളയുടെ വില 30 രൂപ. ഉള്ളിക്ക് ക്ഷാമം നേരിട്ടപ്പോൾ വില 42 രൂപയായി വർദ്ധിച്ചു. എന്നാൽ വിലയിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണ്?

(A) 40 (B) 12

(C) 42 (D) 15

83. ഒരു സംഖ്യയുടെ $\frac{1}{12}$ ഭാഗം 8 ആയാൽ സംഖ്യ ഏത്?

(A) 72 (B) 96

(C) 144 (D) 84

84. താഴെ പറയുന്നവയിൽ ഏതാണ് ഒരു മട്ടത്രികോണത്തിന്റെ വശങ്ങളുടെ നീളങ്ങളാകാവുന്നത് :

(A) 6, 8, 10 (B) 6, 8, 12

(C) 5, 8, 10 (D) 6, 7, 10



fb.com/pscnet.in

www.pscnet.in

85. താഴെ പറയുന്നവയിൽ അഭാജ്യസംഖ്യ ഏത്?

(A) 9 (B) 29
(C) 39 (D) 49

86. ഏതൊരു വൃത്തത്തിന്റെയും ചുറ്റളവിനെ വ്യാസം കൊണ്ട് ഹരിച്ചാൽ കിട്ടുന്നത് ഒരു സ്ഥിര സംഖ്യയായിരിക്കും. ആ സംഖ്യയുടെ ഏകദേശ വില :

(A) 1.73 (B) 1.14
(C) 2.24 (D) 3.14

87. ഒരു പേനയ്ക്കും പെൻസിലിനും കൂടി 9 രൂപയാണ് വില. പേനയുടെ വില പെൻസിലിന്റെ വിലയേക്കാൾ 5 രൂപ കൂടുതലാണെങ്കിൽ പേനയുടെ വില എന്ത്?

(A) 4 രൂപ (B) 5 രൂപ
(C) 6 രൂപ (D) 7 രൂപ

88. ഒരു ജോലി 12 പേർ 8 ദിവസം കൊണ്ട് ചെയ്തു തീർക്കും. ഇതേ ജോലി 6 ദിവസം കൊണ്ട് ചെയ്ത് തീർക്കണമെങ്കിൽ എത്ര പണിക്കാർ കൂടുതലായി വരണം?

(A) 2 (B) 5
(C) 4 (D) 3

89. ഒരു സംഖ്യയുടെ രണ്ട് മടങ്ങിൽ നിന്ന് മൂന്ന് കുറച്ചാൽ 31 കിട്ടും. എന്നാൽ സംഖ്യ ഏത്?

(A) 17 (B) 12
(C) 36 (D) 19

90. ഒരു സമഭുജത്രികോണത്തിന്റെ ഒരു കോണിന്റെ അളവ് എത്ര ഡിഗ്രിയാണ്?

(A) 60° (B) 90°
(C) 45° (D) 30°

91. $\frac{1}{3}+\frac{2}{5}$ ന്റെ വില എന്ത്?

(A) $\frac{3}{8}$ (B) $\frac{3}{15}$
(C) $\frac{2}{8}$ (D) $\frac{11}{15}$

92. ഒന്നാം തീയ്യതി ചൊവ്വാഴ്ചയാണെങ്കിൽ ആ മാസം 25-ാം തീയ്യതി ഏതാഴ്ചയാകും?

(A) ഞായർ (B) ചൊവ്വ
(C) വ്യാഴം (D) വെള്ളി



fb.com/pscnet.in

www.pscnet.in

93. $\frac{2^3}{3^2} \times \frac{3^3}{2^4}$ ന്റെ വില എത്രയാണ്?

(A) $\frac{4}{3}$ (B) $\frac{3}{2}$

(C) $\frac{2}{3}$ (D) ഇതൊന്നുമല്ല

94. 100 രൂപ ചില്ലറ മാറ്റിയപ്പോൾ ഇരുപതുരൂപാ നോട്ടുകളും പത്തുരൂപാ നോട്ടുകളുമാണ് കിട്ടിയത്. പത്തുരൂപാ നോട്ടുകളുടെ എണ്ണം ഇരുപതുരൂപാ നോട്ടുകളുടെ എണ്ണത്തേക്കാൾ ഒന്ന് കൂടുതലായിരുന്നു. ആകെ 7 നോട്ടുകളുണ്ടെങ്കിൽ പത്തുരൂപാ നോട്ടുകളുടെ എണ്ണം എത്ര?

(A) 2 (B) 3

(C) 4 (D) 5

95. $15 \div 0.3$ ന്റെ വിലയെന്ത്?

(A) 5 (B) 0.5

(C) 50 (D) 500

96. ഏഴു സംഖ്യകളുടെ ശരാശരി 23 ആയാൽ ആ സംഖ്യകളുടെ തുക എത്രയായിരിക്കും?

(A) 141 (B) 161

(C) 181 (D) ഇതൊന്നുമല്ല

97. $(-1)^4$ ന്റെ വില എന്ത്?

(A) $-1$ (B) 4

(C) $-4$ (D) 1

98. $2.75 + 0.2 + 0.32 =$

(A) 3.27 (B) 3.09

(C) 2.97 (D) 5.97

99. ഒരു ചതുരത്തിന്റെ നീളം വീതിയേക്കാൾ രണ്ട് സെന്റിമീറ്റർ കൂടുതലാണ്. ഇതിന്റെ ചുറ്റളവ് 20 സെന്റിമീറ്റർ ആയാൽ ചതുരത്തിന്റെ നീളം എത്ര സെ.മീ.?

(A) 4 (B) 5

(C) 6 (D) 7

100. 5 മീറ്റർ എത്ര മില്ലീമീറ്റർ ആണ്?

(A) 500 (B) 5000

(C) 50 (D) 50000



fb.com/pscnet.in